കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461, Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253,2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 11.04.2018

## ‘ചങ്ങാതി’ പദ്ധതി കൂടുതൽ ജനകീയമാകുന്നു

# ‘ഹമാരി മലയാളം’ ഡിജിറ്റൽ പാഠപുസ്തകം പുറത്തിറക്കി

**പഠിതാക്കൾ- 5268. പഠനകേന്ദ്രങ്ങൾ- 263**

തിരുവനന്തപുരം: സംസ്ഥാന സാക്ഷരതാമിഷന്റെ ഇതര സംസ്ഥാന തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്ന ‘ചങ്ങാതി’ പദ്ധതിയുടെ സാക്ഷരതാ പാഠാവലി ‘ഹമാരി മലയാളം’ കൂടുതൽ ജനകീയമാകുന്നു. ഇതിന്റെ ഡിജിറ്റൽ ബുക്ക് പുറത്തിറക്കി. ഇതര സംസ്ഥാന തൊഴിലാളികൾ ഒത്തുകൂടുന്ന കവലകൾ, ‘ചങ്ങാതി’ പദ്ധതിക്കായി ക്രമീകരിച്ചിരിക്കുന്ന പഠനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇലക്ട്രോണിക്സ് സംവിധാനങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ഡിജിറ്റൽ ബുക്ക് ഏറെ ജനകീയമാക്കാനാണ് സാക്ഷരതാമിഷൻ ലക്ഷ്യമിടുന്നത്. ഡിജിറ്റൽ ബുക്കിന്റെ സി.ഡി വിദ്യാഭ്യാസവകുപ്പ് മന്ത്രി സി.രവീന്ദ്രനാഥ് സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകലക്ക് നൽകി പ്രകാശനം ചെയ്തു.

നേരത്തെ പെരുമ്പാവൂരിൽ ആരംഭിച്ച ‘ചങ്ങാതി’ മാതൃകാ പ്രോജക്ടിന്റെ ഇൻസ്ട്രക്ടർമാരായ ആലുവ മാറമ്പള്ളി എം.ഇ.എസ്. കോളജിലെ ആനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ വിദ്യാർഥികളുടെ ഇന്റേൺഷിപ്പിന്റെ ഭാഗമായാണ് ഡിജിറ്റൽ ബുക്ക് തയ്യാറാക്കിയത്. ഇതിനുള്ള സാങ്കേതിക സഹായം കോളജിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റാണ് നൽകിയത്. അധ്യാപകരായ മുരുകൻ, ഫ്രാൻസിസ് സേവ്യർ, ജിൽജിത്, രാജേഷ് തുടങ്ങിയവരുടെ സഹകരണവും ഡിജിറ്റൽ ബുക്ക് പുറത്തിറക്കാൻ പ്രയോജനകരമായി. ഡിജിറ്റൽ ബുക്കിന്റെ സിഡിക്ക് ശബ്ദം നൽകിയിരിക്കുന്നത് മാറമ്പള്ളി എം.ഇ.എസ്. കോളജിലെ ബി.എസ്സി വിദ്യാർത്ഥിനി അമ്മുശരത് ആണ്.

57 പദങ്ങളിലൂടെ മലയാളം, ഹിന്ദി അക്ഷരങ്ങളും വാക്കുകളും ചിത്രങ്ങളുടെ സഹായത്തോടെ ‘ഹമാരി മലയാളം’ ഡിജിറ്റൽ പാഠപുസ്തകം പരിചയപ്പെടുത്തുന്നു. 10 പാഠഭാഗങ്ങളാണ് ഡിജിറ്റൽ പുസ്തകത്തിലുള്ളത്. ഇതര സംസ്ഥാന തൊഴിലാളികളുടെ കേരളത്തിലെ ഭൗതിക

സാഹചര്യങ്ങളുമായി കോർത്തിണക്കിയാണ് ഡിജിറ്റൽ പുസ്തകം രൂപകല്പന ചെയ്തിരിക്കുന്നത്. നേരിട്ട് അക്ഷരങ്ങളിലേക്കു കടക്കുകയല്ല, ഈ പുസ്തകത്തിൽ. മറിച്ച്, ഇതര സംസ്ഥാനത്തൊഴിലാളികളുടെ ജീവിതവുമായി ബന്ധപ്പെടുത്തി എളുപ്പത്തിൽ മലയാളം സ്വായത്തമാക്കാൻ കഴിയും വിധമാണ് പുസ്തകത്തിന്റെ ഘടന. ഭക്ഷണം, ആരോഗ്യം, യാത്ര, തൊഴിൽ സാമഗ്രികൾ, ആശുപത്രികൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങി അവർ നിരന്തരം ബന്ധപ്പെടുന്ന മേഖലകളെ അടിസ്ഥാനമാക്കിയാണ് അധ്യായങ്ങൾ. ഭാഷയ്ക്കൊപ്പം ഗണിതവും സരസമായി പഠിപ്പിക്കുന്ന പുസ്തകത്തിൽ ചോദ്യസൂചക പദങ്ങളും പരിചയപ്പെടുത്തുന്നു.

പെരുമ്പാവൂരിൽ ആരംഭിച്ച 'ചങ്ങാതി' മാതൃക പദ്ധതിയിൽ 432 പേരാണ് പഠിച്ചുവരുന്നത്. മറ്റു ജില്ലകളിലെ തെരഞ്ഞെടുത്ത ഒരു തദ്ദേശസ്വയംഭരണത്തിൽ പദ്ധതി വ്യാപിപ്പിച്ചു കഴിഞ്ഞു. ഇതോടെ കേരളത്തിൽ പദ്ധതി പ്രകാരം ക്ലാസുകളിലെത്തിയിരിക്കുന്ന മൊത്തം പഠിതാക്കളുടെ എണ്ണം 5268 ആണ്. ഇവർക്കായി മൊത്തം 263 പഠനകേന്ദ്രങ്ങളാണ് സംസ്ഥാനത്തൊട്ടാകെ ഒരുക്കിയിരിക്കുന്നത്.

നാല് മാസം കൊണ്ട് തൊഴിലാളികളെ മലയാളത്തിൽ സാക്ഷരരാക്കുന്നതാണ് പദ്ധതി. ആഴ്ചയിൽ അഞ്ചുമണിക്കൂറാണ് ക്ലാസ്. വിദ്യാകേന്ദ്രങ്ങൾ, സ്കൂളുകൾ, മറ്റ് പൊതുസ്ഥാപനങ്ങൾ, തൊഴിലാളികളുടെ താമസ സ്ഥലങ്ങൾ, തൊഴിലിടങ്ങൾ എന്നിവയാണ് പഠന കേന്ദ്രങ്ങൾ. ഓരോ പഠനകേന്ദ്രത്തിന്റെയും കീഴിൽ 15 മുതൽ 20 വരെ പഠിതാക്കളാണ് ഉള്ളത്. തുടർവിദ്യാകേന്ദ്രം പ്രേരക്മാർക്ക് പഠനകേന്ദ്രം കോ-ഓർഡിനേറ്റർമാർ എന്ന നിലയിൽ പ്രത്യേകം ചുമതല നൽകി. വികസനവിദ്യാകേന്ദ്രം പേരക്മാർക്ക് ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ കോ-ഓർഡിനേറ്റർമാർ എന്ന നിലയിൽ അധിക ചുമതല നൽകി. ഓരോ പഠനകേന്ദ്രത്തിനും ഓരോ ഇൻസ്ട്രക്ടർമാരെ വീതമാണ് തെരഞ്ഞെടുത്തത്. ഹിന്ദിയിലും മലയാളത്തിലും യോഗ്യതയുള്ളവരെയാണ് ഇപ്രകാരം ഇൻസ്ട്രക്ടർമാരായി നിയോഗിച്ചിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികളിലെ യോഗ്യതയുള്ളവരുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തി. സാക്ഷരതാമിഷന്റെ ഹയർ സെക്കണ്ടറി തുല്യതാപഠിതാക്കളുടെ സേവനവും പദ്ധതിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് ഓഫീസർ

## ഫോട്ടോക്യാപ്ഷൻ

ഡിജിറ്റലൈസ് ചെയ്ത് 'ഹമാരി മലയാളം' സാക്ഷരതാ പാഠാവലിയുടെ സി.ഡി വിദ്യാഭ്യാസവകുപ്പ് മന്ത്രി സി.രവീന്ദ്രനാഥ് സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകലക്ക് നൽകി പ്രകാശനം ചെയ്യുന്നു